പ്രളയകാലത്തെ പ്രവർത്തനം മാതൃകാപരം: മന്ത്രി എം.എം.മണി

ആലപ്പുഴ: പ്രളയകാലത്ത് വൈദ്യുതി ബോർഡിലെ എല്ലാ ജീവനക്കാരുടെയും മാതൃകാപരമായ പ്രവർത്തനമാണ് നടത്തിയതെന്ന് മന്ത്രി എം.എം.മണി പറഞ്ഞു. കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായുള്ള നവകരേള സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രളയത്തിൽ വൈദ്യുതി ബോർഡിന് 820 കോടിയിൽഷരം രൂപയുടെ നഷ്ടമാണ് സംഭവിച്ചത്. നാശം സംഭവിച്ചതിനൊക്കെ പൂർണ പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല.

നിയമവ്യവസ്ഥയോടുള്ള വിശ്വാസം കൂട്ടും: വി.എസ്

തിരുവനന്തപുരം: പ്രായപൂർത്തിയാവാത്ത പെൺകുട്ടിയെ പീഡിപ്പിച്ച് ഗർഭിണിയാക്കിയ ഫാദർ റോബിൻ വടക്കാഞ്ചേരിക്ക് അർഹമായ ശിക്ഷ ലഭിച്ചത് നിയമ വ്യവസ്ഥയോടുള്ള ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കാൻ പര്യാപ്തമായതാണെന്ന് വി.എസ്. അച്യുതാനന്ദൻ പ്രസ്താവനയിൽ പറഞ്ഞു.

ഇരയും സാക്ഷികളും കൂറുമാറുകയും സാംസ്കാരിക ബോധത്തെത്തന്നെ അപഹസിക്കും വിധം കേസിന്റെ വഴി തിരിച്ചുവിടാൻ ശ്രമിക്കുകയും ചെയ്തിട്ടും ശാസ്ത്രീയമായ തെളിവുകൾ നിരത്തി കുറ്റം തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞു. രാഷ്ട്രീയ നേതാക്കളായാലും മത നേതാക്കളായാലും അധികാരത്തിന്റെയും സ്വാധീനത്തിന്റെയും പണത്തിന്റെയും പിൻബലം കൊണ്ട് മാത്രം നിയമ വ്യവസ്ഥയെ മറികടക്കാനാവില്ല എന്ന ബോദ്ധ്യം ജനങ്ങളിലുണ്ടാക്കാൻ ഇത്തരം വിധിപ്രസ്താവങ്ങൾ സഹായിക്കുമെന്നും വി.എസ് പറഞ്ഞു.

ശിക്ഷ സ്വാഗതാർഹം: കെ.സി.ബി.സി

കൊച്ചി: കുട്ടികൾക്കെതിരായ ലൈംഗിക കുറ്റകൃത്യത്തിൽ ഫാ. റോബിൻ വടക്കംചേരിക്ക് ലഭിച്ച ശിക്ഷയെ കേരള കത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി) സ്വാഗതം ചെയ്തു. സമർപ്പിത ജീവിതം നയിക്കുന്നവരിലെ ഇത്തരം വീഴ്ചകൾ ദുഃഖകരവും ഗുരുതരവുമാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കത്തോലിക്കാസഭക്കുള്ളിൽ ജാഗ്രതയും കരുതലും പുലർത്തും. കുട്ടികളുടെയും ദുർബലരുടെയും സുരക്ഷയ്ക്കും സംരക്ഷണത്തിനുംസഭനടത്തുന്ന പരിശ്രമങ്ങൾ കാര്യക്ഷമമാക്കുമെന്ന് സമിതി വാർത്താക്കുറിപ്പിൽ അറിയിച്ചു.

നാമജപ പ്രതിഷേധം: അദ്ധ്യാപികയ്ക്ക് സസ്പെൻഷൻ

പത്തനംതിട്ട: ശബരിമല യുവതി പ്രവേശന വിധിക്കെതിരായ നാമജപ പ്രതിഷേധ യാത്രയിൽ പങ്കെടുത്ത സർക്കാർ അദ്ധ്യാപികയെ സസ്പെൻഡ് ചെയ്തു. ജനവരി മൂന്നിന് വള്ളിക്കോട് വി.കോട്ടയം ക്ഷേത്രത്തിൽ നിന്ന് തുടങ്ങിയ നാമജപ ഘോഷയാത്രയിൽ പങ്കെടുത്ത വള്ളിക്കോട് ഗവ. എൽ.പി.എസിലെ പി.കെ ഗായത്രി ദേവിയെയാണ് സസ്പെൻഡ് ചെയ്തത്. ക്ഷേത്രജന സംഗമത്തിൽ വച്ച് മുഖ്യമന്ത്രിക്കെതിരെ അദ്ധ്യാപിക പ്രതിഷേധ മുദ്രാവാക്യം വിളിച്ചെന്ന് ചൂണ്ടിക്കാട്ടി വള്ളിക്കോട് സ്വദേശി കൃഷ്ണശേഖർ നൽകിയ പരാതിയിലാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തി നടപടിയെടുത്തത്. ഗായത്രി ദേവിയുടെ പ്രവൃത്തി അച്ചടക്ക ലംഘനവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിനു വിരുദ്ധവുമാണെന്ന് വിദ്യാഭ്യാസ വകുപ്പ് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

ഇമാമിനെ തേടി പൊലീസ് ബംഗളൂരുവിൽ

തിരുവനന്തപുരം : പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച ഇമാം ഷെഫീക്ക് അൽ ഖാസിമിയെ പിടികൂടാനായി പൊലീസ് സംഘം ബംഗളൂരുവിലെത്തി. ഇമാം ഇവിടെയുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പൊലീസ് ബംഗളൂരുവിലെത്തിയത്. ഷെഫീക്കിനെ ഒളിവിൽ താമസിക്കാനും രക്ഷപെടാനും സഹായിച്ച മൂന്ന് സഹോദരങ്ങളെ കൊച്ചിയിൽ നിന്ന് കഴിഞ്ഞ ദിവസം നെടുമങ്ങാട് ഷാഡോ പൊലീസ് കസ്റ്റഡിയിലെടുത്തിരുന്നു.

ഷെഫീക്കിൽ നിന്ന് മുമ്പും മോശം അനുഭവമുണ്ടായതായി പെൺകുട്ടി മൊഴി നൽകിയിട്ടുണ്ടെന്നും കുട്ടിയുടെ രക്ഷിതാക്കൾ അന്വേഷണവുമായി സഹകരിക്കുന്നുണ്ടെന്നും അന്വേഷണ ഉദ്യോഗസ്ഥനായ നെടുമങ്ങാട് ഡിവൈ.എസ്.പി ഡി. അശോകൻ പറഞ്ഞു. ബി. സുശീലൻ, സതികുമാർ എന്നിവർ പങ്കെടുത്തു.

ബി.എസ്.എൻ.എൽ ജീവനക്കാർ രാജ്യവ്യാപക സമരത്തിന്

തിരുവനന്തപുരം : വിവിധ ആവശ്യങ്ങളുന്നയിച്ച് ബി.എസ്.എൻ.എൽ ജീവനക്കാർ രാജ്യവ്യാപകമായി 18, 19, 20 തീയതികളിൽ പണിമുടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. സർവീസ് മുടക്കാതെയുള്ള പണിമുടക്കിൽ കേരളത്തിലെ ജീവനക്കാരിൽ 98 ശതമാനവും പങ്കെടുക്കും.

കേന്ദ്രമന്ത്രി മനോജ് സിൻഹയുമായി നടത്തിയ ചർച്ചയിൽ നൽകിയ വാഗ്ദാനങ്ങളൊന്നും പാലിക്കപ്പെടാത്തതിനാലാണ് ജീവനക്കാർ സമരത്തിനൊരുങ്ങിയത്. ബി.എസ്.എൻ.എൽ അടച്ചുപൂട്ടാനോമറ്റ്കമ്പനികൾക്ക്കൈമാറാനുള്ള കേന്ദ്ര നീക്കത്തിനോ അനുവദിക്കില്ലെന്നും യൂണിയൻ ഭാരവാഹികളായ സി. സന്തോഷ് കുമാർ, ടി. സന്തോഷ് കുമാർ എന്നിവർ പറഞ്ഞു. ബി. സുശീലൻ, സതികുമാർ എന്നിവർ പങ്കെടുത്തു.

വൈദികനെ കുടുക്കിയത് രണ്ട് ശാസ്ത്രീയ തെളിവുകൾ

ഫാ. റോബിൻ

▸ഒ.സി മോഹൻരാജ്

തലശേരി: കൊട്ടിയൂർ ബാലികാ പീഡന കേസിൽ ഇരയായ പെൺകുട്ടി തന്നെ മൊഴി മാറ്റുകയും പെൺകുട്ടിയുടെ മാതാപിതാക്കൾ വ്യാജമൊഴി നൽകുകയും ചെയ്തിട്ടും ഒന്നാം പ്രതിയായ ഫാദർ റോബിനെതിരെ കുരുക്കു മുറുക്കിയത് പ്രധാനമായും രണ്ട് ശാസ്ത്രീയ തെളിവുകളാണ്.

1 പെൺകുട്ടിപ്രസവിച്ച കുഞ്ഞിന്റെ പിതൃത്വം തെളിയിക്കാനുള്ള ഡി.എൻ.എ പരിശോധന.

2 പെൺകുട്ടിയുടെ പ്രായം തെളിയിക്കാൻ പെൺകുട്ടിയുടെ അമ്മയുടെ പ്രസവം എടുത്ത ഗൈനെക്കോളജിസ്റ്റ് ഡോ. പി.വി. ജോസ് നൽകിയ ലൈവ്ബർത്ത് സർട്ടിഫിക്കറ്റ്

1. പിതൃത്വ പരിശോധന

പെൺകുട്ടി പ്രസവിച്ച കുഞ്ഞിന്റെ പിതാവ് പ്രതിയായ ഫാദർ റോബിൻ വടക്കുംചേരിയാണെന്ന് ഡി.എൻ.എ പരിശോധനയിൽ തെളിഞ്ഞു. ഫാ. റോബിന്റെയും പെൺകുട്ടിയുടെയും നവജാതശിശുവിന്റെയും രക്തസാമ്പിളുകൾ കോടതി നിർദ്ദേശപ്രകാരം തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലാബിലാണ് പരിശോധിച്ചത്. ഫലം പോസിറ്റീവാണെന്ന റിപ്പോർട്ട് പൊലീസ് കോടതിയിൽ സമർപ്പിച്ചു. അത് വൈദികനെതിരായ ശക്തമായ തെളിവായി.

പെൺകുട്ടി കൂത്തുപറമ്പ് ക്രിസ്തുരാജ ആശുപത്രിയിൽ പ്രസവിച്ചയുടൻ ചോരക്കുഞ്ഞിനെ അജ്ഞാത കേന്ദ്രത്തിലേക്ക് മാറ്റിയിരുന്നു. ഒളിപ്പിച്ചത് വൈത്തിരി ഹോളി ഇൻഫന്റ് മേരി ഫോണ്ട്ലിംഗ് ഹോമിലാണെന്ന് കണ്ടെത്തിയ പൊലീസ് അവിടെയെത്തി കുഞ്ഞിനെ ഏറ്റെടുക്കുകയായിരുന്നു.

2. പോക്സോ മറികടക്കാൻ പാഴ്ശ്രമം

പെൺകുട്ടിക്ക് പ്രായപൂർത്തിയായെന്ന് വരുത്തി പോക്സോ വകുപ്പിൽ നിന്ന് രക്ഷപ്പെടാൻ പ്രതിഭാഗം സകല അടവുകളും പയറ്റിയിരുന്നു. വിചാരണ വേളയിൽ പെൺകുട്ടിയും മാതാപിതാക്കളും മറ്റു സാക്ഷികളും കൂറുമാറിയിരുന്നു. പെൺകുട്ടിക്ക് 18 വയസ് പൂർത്തിയായെന്നായിരുന്നു ഇവരുടെ വാദം. ഇതിനായി രേഖകളും ഹാജരാക്കി. തന്നെ ആശുപത്രിയിലല്ല, വീട്ടിലാണ് പ്രസവിച്ചതെന്നും വയസ് തെളിയിക്കുന്ന സ്കൂൾ രേഖകൾ ഉണ്ടെന്നുമായിരുന്നു പെൺകുട്ടിയുടെ വാദം. എന്നാൽ സ്കൂളിലെ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് പിന്നീട് വ്യക്തമായി.

തുടർന്നാണ് പ്രോസിക്യൂഷൻ പെൺകുട്ടിയുടെ ഒറിജിനൽ ബർത്ത് റിപ്പോർട്ട് തേടി ഇറങ്ങിയത്. അന്വേഷണം കൂത്തുപറമ്പ് തൊക്കിലങ്ങാടിയിലെ ക്രിസ്തുരാജ ആശുപത്രിയിലെത്തി. അവിടെയാണ് പെൺകുട്ടിയെ അമ്മ പ്രസവിച്ചതെന്നും അവിടുത്തെ ഗൈനക്കോളജിസ്റ്റായ ഡോ. പി.വി. ജോസ് ആണ് പ്രസവം എടുത്തതെന്നും കണ്ടെത്തി. കൂത്തുപറമ്പ് നഗരസഭയിലെ ബർത്ത് രജിസ്റ്റർ പരിശോധിച്ചപ്പോൾ ഡോക്ടർ നൽകിയ വിവരം ശരിയാണെന്ന് തെളിഞ്ഞു. തുടർന്ന് ഡോക്ടറെയും സാക്ഷിയാക്കി.

താൻ തന്നെയാണ് പ്രസവം നടത്തിയതെന്നും പ്രസവം നടന്ന തീയതിയും ഡോക്ടർ കോടതിയിൽ വെളിപ്പെടുത്തി. അതോടെ പ്രായപൂർത്തിയാകും മുൻപാണ് പെൺകുട്ടിയെ വൈദികൻ പീഡിപ്പിച്ചതെന്ന് ഉറപ്പായി. പോക്സോ കുരുക്ക് മുറുകുകയും ചെയ്തു.

പ്രോസിക്യൂഷൻ ഭാഗം അഭിഭാഷകരായ സി.കെ. രാമചന്ദ്രൻ, ബീന കാളിയത്ത്, ബി.പി. ശശീന്ദ്രൻ

6 മാസം കൊണ്ട് വിധി

- കൊട്ടിയൂർ ബാലികാ പീഡനക്കേസിൽ വിധി വന്നത് കേവലം ആറു മാസം കൊണ്ടാണ്.
- പോക്സോ കേസുകളിൽ തന്നെ ആദ്യമായിരിക്കാം ഇത്രവേഗം വിധി വരുന്നത്.
- 2018 ആഗസ്റ്റിലാണ് വിചാരണ തുടങ്ങിയത്.
- 2017ഫെബ്രുവരി 26നാണ് പേരാവൂർ പൊലീസ് കേസ് റജിസ്റ്റർ ചെയ്തത്.
- വിവരം പുറത്തായതോടെ പിറ്റേന്ന് കാനഡയിലേക്ക് രക്ഷപെടാനായി വിമാനത്താവളത്തിലേക്ക് പോകുന്നതിനിടെ വൈദികനെ പൊലീസ് പിന്തുടർന്ന് കസ്റ്റഡിയിൽ എടുത്തു. പിന്നാലെ അറസ്റ്റ് രേഖപ്പെടുത്തി. അന്നു മുതൽ ഇയാൾ ജയിലിലാണ്.
- അഞ്ച് മാസം നീണ്ട വിചാരണയിൽ 38 സാക്ഷികളെ വിസ്തരിച്ചു. 80 രേഖകളും ഏഴ് തൊണ്ടി മുതലുകളും ഹാജരാക്കിയിരുന്നു.

രക്ഷകൻ പീഡകനായത് കോടതിയെ ഞെട്ടിച്ചു

തലശേരി:'സംരക്ഷകനാകേണ്ടയാൾ പീഡകനാവുന്നത് ഞെട്ടിപ്പിക്കുന്നതാണ്. അധികാരസ്ഥാനം ഉപയോഗിച്ച് വൈദികൻ പെൺകുട്ടിയോട് കാണിച്ചത് പീഡനം തന്നെയാണ്. ഇത് അനുവദിക്കാനാകില്ല. അതിനാലാണ് കടുത്ത ശിക്ഷ വിധിക്കുന്നത്. -പോക്സോ കോടതി വിധിയിലെ പ്രസക്തമായ ഒരു ഭാഗമാണിത്.

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയോട് ഉഭയസമ്മതപ്രകാരമാണെങ്കിലും ലൈംഗികബന്ധം പുലർത്തുന്നത് ബലാത്സംഗമാണെന്ന് ഊട്ടിയുറപ്പിക്കുന്നതാണ് കോടതിവിധി.

പെൺകുട്ടി പഠിച്ചിരുന്ന സ്കൂളിലെ മാനേജരായിരുന്നു ഫാദർ റോബിൻ വടക്കുംചേരി. വിദ്യാർത്ഥികൾക്ക് ആദ്ധ്യാത്മിക കാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും വേദപാഠം പഠിപ്പിക്കുകയും കരിയർഗൈഡൻസ്ക്লাസുകൾ നൽകുകയും ചെയ്തിരുന്ന ഫാദർ ആ വഴിയാണ് പെൺകുട്ടിയുമായി അടുക്കുന്നത്. പള്ളിമേടയിൽ സ്ഥിരമായി എത്തുമായിരുന്ന പെൺകുട്ടിയെ വൈദികൻ അധികാരസ്ഥാനം ഉപയോഗിച്ചാണ് ബലാത്സംഗം ചെയ്യുന്നത്. പെൺകുട്ടി ഗർഭിണിയാകുകയും പ്രസവിക്കുകയും ചെയ്തതോടെയാണ് വിവരം പുറത്തറിയുന്നത്. പ്രസവിച്ച കുഞ്ഞിനെ കടത്താനും കേസ് ഒതുക്കാനും ശ്രമിച്ചവരും പ്രതികളായി. വൈദികനെയും കുഞ്ഞിനെ ഒളിപ്പിക്കാൻ ശ്രമിച്ച വയനാട് ശിശുക്ഷേമ സമിതിയിലെയും അനാഥാലയത്തിലെയും ജീവനക്കാരെയും കന്യാസ്ത്രീകളെയും രക്ഷിക്കാൻ പ്രതിഭാഗം എല്ലാ വിധത്തിലും ശ്രമിച്ചിരുന്നു. വൈദികർ ഉൾപ്പെട്ട ലൈംഗിക കുറ്റകൃത്യങ്ങളിൽ സുപ്രീം കോടതി വരെ ഞെട്ടൽ രേഖപ്പെടുത്തിയിരുന്നു.

ഫാ. റോബിൻ വടക്കുംചേരിക്ക് ഇത്രയും കടുത്ത ശിക്ഷ നൽകിയതിന് പ്രോസിക്യൂഷന്റെ മിടുക്ക് എടുത്തുപറയേണ്ടതാണ്. പബ്ലിക് പ്രോസിക്യൂട്ടർ ബി.പി. ശശീന്ദ്രൻ, സ്പെഷ്യൽ പ്രോസിക്യൂട്ടർ ബീന കാളിയത്ത്, അഡിഷണൽ പ്രോസിക്യൂട്ടർ സി.കെ. രാമചന്ദ്രൻ എന്നിവരടങ്ങുന്ന സംഘമാണ് കേസിൽ ആദ്യം മുതൽ ഹാജരായത്.

യു.ഡി.എഫ് ഉഭയകക്ഷി ചർച്ച നാളെ

ആകാംക്ഷ ജോസഫ് നിലപാടിൽ

- അധികസീറ്റ് കോൺഗ്രസ് വിട്ടുനൽകില്ല
- കോട്ടയം നൽകാൻ മാണിയും തയ്യാറല്ല

▸സി.പി. ശ്രീഹർഷൻ

തിരുവനന്തപുരം: കേരള കോൺഗ്രസ്-എമ്മിൽ മാണി, ജോസഫ് ശീതസമരം മൂർച്ഛിച്ച് നിൽക്കെ യു.ഡി.എഫ് നാളെ സീറ്റ് വിഭജന ചർച്ചയിലേക്ക് കടക്കുന്നു. ഒരു സീറ്റു കൂടി മാണി ആവശ്യപ്പെടുന്നുണ്ടെങ്കിലും വിട്ടുനൽകാൻ സാദ്ധ്യതയില്ലെന്നിരിക്കെ പി.ജെ. ജോസഫിന്റെ നീക്കങ്ങളിലാണ് ഏവരും ഉറ്റുനോക്കുന്നത്. മുസ്ലിംലീഗ് മൂന്നാമതൊരു സീറ്റും ആവശ്യപ്പെട്ടിട്ടുണ്ട്. കേരള കോൺഗ്രസ്- ജേക്കബും ഒരു സീറ്റ് ചോദിച്ച് നിൽക്കുന്നു.

എന്നാൽ, ദക്ഷിണേന്ത്യയിൽ നിർണായകമായ കേരളത്തിൽ പരമാവധി സീറ്റുകൾ ഉറപ്പിക്കേണ്ടതുള്ളതുകൊണ്ട് ഈ ആവശ്യങ്ങൾ കോൺഗ്രസ് നിരസിക്കാനാണ് സാദ്ധ്യത. ലീഗുമായും മാണിയുമായുമുള്ള ചർച്ചകളാണ് നാളെ പ്രധാനമായും നടക്കുക. മറ്റുള്ളവരുമായി അടുത്ത ദിവസവും.

അതേസമയം, രണ്ട് സീറ്റെന്ന തത്സ്ഥിതി തുടരാൻ കോൺഗ്രസുമായുള്ള അനൗപചാരിക കൂടിക്കാഴ്ചയിൽ ലീഗ് നേതൃത്വം തയ്യാറായിട്ടുണ്ടെന്നാണ് അറിയുന്നത്. നിയമസഭാ തിരഞ്ഞെടുപ്പിൽ കൂടുതൽ സീറ്റുകളുറപ്പിക്കുകയാണ് ലീഗിന്റെ ലക്ഷ്യം. ഇപ്പോഴത്തെ അവകാശവാദം അതിന്റെ മുന്നോടിയാണ്. സീറ്റില്ലെന്ന സന്ദേശം കോൺഗ്രസ് നേതൃത്വം ജേക്കബ് ഗ്രൂപ്പിനും കൈമാറിയിട്ടുണ്ട്. മുന്നണിയിൽ അസ്വാരസ്യത്തിന് വിത്ത് പാകാൻ മാണി ആഗ്രഹിക്കുന്നില്ല. എന്നാൽ, ലയന ശേഷം പാർട്ടിയിൽ ഒതുക്കപ്പെടുന്ന വികാരം ജോസഫ് വിഭാഗത്തിൽ ശക്തമാണ്. കോൺഗ്രസ് വിട്ടുനൽകിയ രാജ്യസഭാ സീറ്റിൽ ജോസ് കെ. മാണിയെ മത്സരിപ്പിച്ചതിന് പിന്നാലെ കോട്ടയം ലോക്സഭാ സീറ്റും മാണി വിഭാഗം ഏറ്റെടുക്കാനുള്ള സാദ്ധ്യത അവർ കാണുന്നു. ജോസഫ് വിഭാഗം ഇടുക്കിയോ ചാലക്കുടിയോ അധികമായി ആവശ്യപ്പെടുന്നതും അതിനാലാണ്. വിട്ടുകിട്ടിയാൽ സ്വയം കളത്തിലിറങ്ങാൻ പി.ജെ. ജോസഫ് തയ്യാറായെന്നും വരാം. അതേസമയം അധികസീറ്റിന് കോൺഗ്രസ് വഴങ്ങാതിരുന്നാൽ, കോട്ടയം തങ്ങൾക്ക് വിട്ടുകിട്ടണമെന്നാണ് ജോസഫിന്റെ ആവശ്യം. അങ്ങനെ ധാരണയില്ലെന്ന് ജോസ് കെ. മാണി കഴിഞ്ഞ ദിവസം വ്യക്തമാക്കിയതോടെ ഇരുവിഭാഗങ്ങളും വിട്ടുവീഴ്ചയില്ലെന്ന് വ്യക്തമായിട്ടുണ്ട്.

പി.ജെ ജോസഫ് ഇടഞ്ഞാൽ...

ജോസഫിനെ പിണക്കാതെയുള്ള ഒത്തുതീർപ്പ് ഫോർമുല കോൺഗ്രസും മാണിയും എങ്ങനെ കണ്ടെത്തും എന്നതിലാണ് ആകാംക്ഷ. നാളത്തെ ഉഭയകക്ഷി ചർച്ച നിർണായകമാകുന്നതും അതിനാലാണ്.

മാണിഗ്രൂപ്പ് പിളർന്നാലും ജോസഫ് യു.ഡി.എഫ് വിട്ടുപോകില്ലെന്നാണ് കോൺഗ്രസ് നേതൃത്വം കരുതുന്നത്. ജോസഫിന്റെ നീക്കങ്ങളെ കാത്തിരുന്ന് കാണാമെന്ന നിലപാടിലാണ് ഇടതു പക്ഷവും. നേരത്തേ മാണിയുടെ മുന്നണിമാറ്റ നീക്കത്തിന് തടയിട്ടന്നതിൽ നിർണായക പങ്ക് വഹിച്ച ജോസഫ് യു.ഡി.എഫ് വിട്ടുപോരില്ലെന്ന് അവർ കരുതുന്നു.

എന്നാൽ, ആത്മാഭിമാനത്തിന് മുറിവേൽക്കുന്ന നില വന്നാൽ ജോസഫിന്റെ നിലപാടെന്തെന്ന ചോദ്യത്തിലേക്ക് ഇടതു മുന്നണി ഉറ്റുനോക്കുന്നുണ്ട്.

ജോസഫിന്റെ പ്രിയശിഷ്യനായ ഫ്രാൻസിസ് ജോർജിന്റെ ജനാധിപത്യ കേരള കോൺഗ്രസ് ഇടതു മുന്നണി ഘടകകക്ഷിയായി നിൽക്കുമ്പോൾ പ്രത്യേകിച്ചും.

"പി.ജെ. ജോസഫ് പൊയ്വെടി വയ്ക്കുന്നതല്ലാതെശരിയായവെടി പൊട്ടിക്കുന്നില്ല. ഇടയ്ക്കിടെ അദ്ദേഹം വെടി പൊട്ടിക്കുന്നത് ലക്ഷ്യത്തിലെത്തുന്നില്ല. ശരിയായി വെടി വയ്ക്കാൻ പരിശീലനം അദ്ദേഹത്തിന് കിട്ടിയെന്ന് ബോദ്ധ്യപ്പെടട്ടെ, അപ്പോൾ ഒപ്പം കൂട്ടുന്നതിനെപ്പറ്റി ആലോചിക്കാം.

(പി.ജെ. ജോസഫിന്റെ നിലപാട് അനുകൂലമാകുമെന്ന് കരുതുന്നുണ്ടോയെന്ന ചോദ്യത്തിന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ നൽകിയ മറുപടി)

എൻ.എസ്.എസ് ശത്രുവല്ല, സഹകരിക്കാം: കോടിയേരി

▸രാഷ്ട്രീയ ലേഖകൻ

തിരുവനന്തപുരം: എൻ.എസ്.എസ് ഉൾപ്പെടെയുള്ള സമുദായ സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കാൻ ഇടതുപക്ഷം തയ്യാറാണെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. എൻ.എസ്.എസിനെ സി.പി.എം ശത്രുവായി കാണുന്നില്ലെന്ന് ആവർത്തിച്ചുകൊണ്ടാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. എൽ.ഡി.എഫ് തെക്കൻ മേഖലാ ജനസംരക്ഷണയാത്രയുടെ നടത്തിയവാർത്താസമ്മേളനത്തിൽസംസാരിക്കുകയായിരുന്നുഅദ്ദേഹം.

എൻ.എസ്.എസിലെ മഹാഭൂരിപക്ഷവും ഇടതിനൊപ്പമാണ്. നേതൃത്വത്തിന് വിപ്രതിപത്തി കാണുമായിരിക്കും. അത് അഭിപ്രായമായി മാത്രമേ കണക്കാക്കുന്നുള്ളൂ. നവോത്ഥാനമൂല്യങ്ങൾ ഉയർത്തിപിടിച്ച് നിന്നിട്ടുള്ളവരാണ് സമുദായസംഘടനകൾ. എസ്.എൻ.ഡി.പി യോഗത്തിന്റെയും കെ.പി.എം.എസിന്റെയും നിലപാടുകൾ സ്വാഗതാർഹമാണ്.

കേരളത്തിലെ രാഷ്ട്രീയ സാഹചര്യം ഇടതുപക്ഷത്തിന് അനുകൂലമായി മാറിക്കൊണ്ടിരിക്കുന്നതിന് തെളിവാണ് തദ്ദേശ ഉപതിരഞ്ഞെടുപ്പ് ഫലങ്ങൾ. ഇടതുസർക്കാർ അധികാരമേറ്റ ശേഷം ഉടർച്ചയായി എൽ.ഡി.എഫിന് അനുകൂലമായ മുന്നേറ്റമാണ്. ഓരോ വർഷവും എത്രത്തോളം വാഗ്ദാനങ്ങൾ നടപ്പാക്കിയെന്ന് ജനങ്ങളോട് വിശദീകരിച്ചും പരിമിതികൾ ബോദ്ധ്യപ്പെടുത്തിയുമാണ് ഇടതുസർക്കാർ നീങ്ങുന്നത്.

കാശ്മീരിലേത് സുരക്ഷാ വീഴ്ച

മലയിൻകീഴ്: കാശ്മീർ പ്രശ്നം പരിഹരിക്കുന്നതിൽ മോദി ഗവൺമെന്റ് പൂർണപരാജയമാണെന്ന് കോടിയേരി ബാലകൃഷ്ണൻ കുറ്റപ്പെടുത്തി. ഇടതുമുന്നണിയുടെ കേരള രക്ഷായാത്രയ്ക്ക് പേയാട് നൽകിയ സ്വീകരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു കോടിയേരി.

കഴിഞ്ഞ നാല് വർഷത്തിനിടയിൽ തീവ്രവാദി ആക്രമണങ്ങളിൽ 890 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ലോകം മുഴുവൻ വിമാനത്തിൽ സഞ്ചരിക്കുന്ന പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തര മന്ത്രിയും സൈനികർക്ക് സഞ്ചരിക്കാൻ വിമാനം അനുവദിക്കാത്തത് വൻ സുരക്ഷാവീഴ്ചയാണ്. ജമ്മുവിലെ ഭീകരാക്രമണത്തിനിടയാക്കിയ സാഹചര്യമിതാണെന്നും കോടിയേരി പറഞ്ഞു.

ബി.ജെ.പിയുടെ വർഗീയതയ്ക്കെതിരായപോരാട്ടത്തിൽകോൺഗ്രസിനെക്കാൾ വിശ്വസിക്കാനാവുന്നത് ഇടതുപക്ഷത്തെയാണെന്ന് ജനങ്ങൾക്കറിയാം. സർവേ റിപ്പോർട്ടുകൾ പ്രസക്തമല്ല. 2011ൽ 40 സീറ്റ് ഇടതുപക്ഷത്തിന് സർവേകൾ പ്രവചിച്ചിടത്ത് 68 സീറ്റ് കിട്ടി.

ഇന്ത്യയിലെ ഒരു സംസ്ഥാനത്തും കോൺഗ്രസുമായി മുന്നണിയില്ല. പശ്ചിമബംഗാളിലുൾപ്പെടെ നേട്ടം കൊയ്യുമെന്നും ഇടതുപക്ഷമില്ലാത്ത പാർലമെന്റ് എന്ന ചിലരുടെ സ്വപ്നം നടക്കാൻ പോകുന്നില്ലെന്നും കോടിയേരി പറഞ്ഞു.

കെവിൻ വധക്കേസ്

മുൻ എസ്.ഐ ഷിബുവിനും പിരിച്ചുവിടൽ നോട്ടീസ്

▸സ്വന്തംലേഖകൻ

കോട്ടയം: കെവിൻ വധക്കേസിൽ കൃത്യവിലോപം കാട്ടിയതിന് സസ്പെൻഷനിൽ കഴിയുന്ന മുൻ ഗാന്ധിനഗർ എസ്.ഐ എം.എസ്. ഷിബുവിനെയും പിരിച്ചുവിട്ടു. കൊച്ചി റേഞ്ച് ഐ.ജി വിജയ് സാഖറെ ഷിബുവിന് പിരിച്ചുവിടൽ നോട്ടീസ് നൽകി. പ്രതികളിൽ നിന്ന് കൈക്കൂലി വാങ്ങിയ എ.എസ്.ഐ ടി.എം. ബിജുവിനെ മൂന്ന് ദിവസം മുൻപ് പിരിച്ചുവിട്ടിരുന്നു. നോട്ടീസിന് മറുപടി നൽകാൻ ഷിബുവിന് 14 ദിവസം സമയം അനുവദിച്ചിട്ടുണ്ടെങ്കിലും ഇത് നടപടിക്രമം മാത്രമാണ്. മറുപടിക്കുശേഷം പിരിച്ചുവിടാനുള്ള ഉത്തരവിറങ്ങും.

കഴിഞ്ഞ മേയ് 27 ന് എസ്.എച്ച് മൗണ്ട് പിലാത്തറയിൽ കെവിൻ പി.ജോസഫിനെ (24) പ്രതിശ്രുത വധു നീനുവിന്റെ ബന്ധുക്കൾ ചേർന്ന് തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തി പുനലൂർ ചാലിയേക്കര തോട്ടിൽ തള്ളിയ കേസിൽ ഇരുവരും ഗുരുതരമായ കൃത്യവിലോപം കാട്ടിയതായി വകുപ്പുതല അന്വേഷണത്തിൽ തെളിഞ്ഞിരുന്നു. ജില്ലാ അഡ്മിനിസ്ട്രേഷൻ ഡിവൈ.എസ്.പി ആയിരുന്ന വിനോദ് പിള്ളയാണ് വീഴ്ച അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചത്. എസ്.ഐയുടെ ഭാഗത്തുനിന്ന് സംഭവിക്കാൻ പാടില്ലാത്ത വീഴ്ചയാണുണ്ടായതെന്നും മറ്റുള്ളവർക്കും പാഠമാകാൻ നടപടിയെടുക്കണമെന്നും റിപ്പോർട്ടിൽ പറയുന്നു.

വെള്ളിയാഴ്ച വൈകിട്ട് ഐ.ജി തയ്യാറാക്കിയ പിരിച്ചുവിടൽ നോട്ടീസ് ഇന്നലെ രാവിലെയാണ് ഷിബുവിന് കോട്ടയം ജില്ലാ പൊലീസ് മേധാവി ഹരിശങ്കർ കൈമാറിയത്. എ.എസ്.ഐ ബിജുവിന് കഴിഞ്ഞ നവംബർ രണ്ടിനാണ് പിരിച്ചുവിടൽ നോട്ടീസ് നൽകിയത്. ഫെബ്രുവരി 13ന് പിരിച്ചുവിട്ടുകൊണ്ടുള്ള ഉത്തരവിറങ്ങി.

കൃത്യവിലോപം ഇങ്ങനെ